# സെന്റ് ജോൺസ് ഗവ. എൽ പി എസ്
# ഇത്തിത്താനം

## സ്കൂൾതല അക്കാദമിക
## മാസ്റ്റർ പ്ലാൻ
2025-26

# വീക്ഷണം

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്നു പ്രതീക്ഷിക്കുന്നു. അതുവഴി വിഡ്ജയ;ആയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യഭ്യസം ലഭ്യമാകും. എല്ലാ പാഠ്യ പാഠ്യ ഇതര പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടത്തുന്ന വിദ്യാലയമാണ് സെന്റ് ജോൺസ് ഗവ. എൽ പി എസ് ഇത്തിത്താനം. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ടു വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. സമഗ്ര ഗുണമേന്മ ലക്ഷ്യമാക്കിയുള്ള ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിലാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് ഏറെ അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

പി.ടി .എ. പ്രസിഡന്റ്
ശ്രീ . ജോമോൻ തോമസ്

ഹെഡ്മിസ്ട്രസ്
ശ്രീമതി സിന്ധുകുമാരി . എസ്

എം. പി.ടി എ. പ്രസിഡന്റ്
രമ്യ പ്രവീൺ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : സെന്റ്. ജോൺസ് ഗവ.എൽ പി എസ് ഇത്തിത്താനം |
| പ്രധാന അദ്ധ്യാപിക | : ശ്രീമതി സിന്ധുകുമാരി . എസ് |
| മേൽവിലാസം | : ഇത്തിത്താനം<br>ഇത്തിത്താനം P O<br>ചങ്ങനാശ്ശേരി<br>കോട്ടയം |
| ഫോൺ | : 0481 2336506 |
| സ്കൂൾ കോഡ് | : 33363 |
| വിദ്യാഭ്യസ ഉപജില്ല | : ചങ്ങനാശ്ശേരി |
| വിദ്യാഭ്യസ ജില്ല | : കോട്ടയം |
| റവന്യൂ ജില്ല | : കോട്ടയം |
| ബി. ആർ.സി | : മാടപ്പള്ളി |
| ഗ്രാമപഞ്ചായത്ത് | : കുറിച്ചി |
| ജില്ലാപഞ്ചായത്ത് | : കോട്ടയം |
| നിയമസഭാമണ്ഡലം | : ചങ്ങനാശ്ശേരി |
| ലോകസഭാമണ്ഡലം | :മാവേലിക്കര |
| താലൂക്ക് | :ചങ്ങനാശ്ശേരി |
| വാർഡ് | : 8 |
| ഇ-മെയിൽ | : stjohnslps2017@gmail.com |

# സെന്റ്. ജോൺസ് ഗവ.എൽ പി എസ് ഇത്തിത്താനം

അഞ്ചു വിളക്കിന്റെ നാടായ ചങ്ങനാശ്ശേരിയിലെ ഇത്തിത്താനം എന്ന പ്രകൃതി രമണീയമായ കൊച്ചു ഗ്രാമത്തിൽ 1888 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത് . ഇത്തിത്താനം പള്ളിയടിയിൽ പുരയിടത്തിൽ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് എന്ന പേരിൽ പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ പിന്നീട് സ്ഥല പരിമിതി മൂലം 1911 -ൽ കൈതയിൽ ശ്രീ കോര മാത്യു സംഭാവനയായി നൽകിയ 50 സെന്റ് പുരയിടത്തിലേക്ക് മാറ്റിയപ്പോൾ "സെന്റ് ജോൺസ് എന്ന പേര് നിലവിൽ വന്നു. അന്ന് ഈ സ്കൂൾ സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലായിരുന്നു. 1948-ൽ ഈ സ്കൂൾ ഗവൺമെന്റിന് സമർപ്പിച്ചതു മുതൽ "സെന്റ് ജോൺസ് ഗവൺമെന്റ് എൽ. പി . സ്കൂൾ എന്ന പേര് നിലവിൽ വന്നു.

ഇത്തിത്താനത്തെയും സമീപ പ്രദേശത്തിലേയും ഏറ്റവും പഴക്കം ചെന്ന സ്കൂലാണിത്. ഞങ്ങളുടെ പ്രദേശത്തെ പ്രഗത്ഭരുമായ നിരവധി വ്യക്തികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയത്. ഈ സ്കൂളിൽ നിന്നാണ്. അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകാൻ ഇന്നും ഈ സ്കൂൾ നിലകൊള്ളുന്നു. പുതിയ രീതികളും സമീപനങ്ങളും ഉൾക്കൊണ്ടു കാലത്തിന്റെ ഗതിക്കനുസരിച്ച മാറ്റങ്ങൾ സൃഷ്ടിച്ചു കൊണ്ട് സ്കൂൾ പ്രവർത്തന്ങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

- സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ , സ്കൂൾ സുരക്ഷാ സമിതി രൂപീകരണം

- സ്കൂളിലെ മുഴുവൻ കുട്ടികളുടെയും വിദ്യാഭ്യാസ ഗുണമേന്മ, അക്കാദമിക നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ 'സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂന്നി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ളകഴിവ് ഉറപ്പുവരുത്തുക.

- ഓരോ കുട്ടിയും മികച്ചതാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ഉറപ്പുവരുത്തും

- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

- ഒന്നുംരണ്ടും തരത്തിലെ കുട്ടികളുടെ ഭാഷാമികവിനായി സചിത്ര പുസ്തക രചന,ശില്പശാലകൾ എന്നിവസംഘടിപ്പിക്കുന്നതിലൂടെ രക്ഷിതാക്കളുടെ പങ്കാളിത്തവും ഉറപ്പുവരുത്തും .

- മൂന്ന് നാല് ക്ലാസ്സുകളിൽ സർഗാത്മക ഡയറി രചന ശേഷി വളർത്തൽ

- ഭാഷാശേഷി വികസനത്തിനായി ഭാഷോത്സവം, റീഡേഴ്സ് തീയേറ്റർ, പാട്ടരങ്ങ്, കാവ്യോത്സവം, എന്നിവ സംഘടിപ്പിക്കൽ

- കുട്ടികൾ മികച്ച രീതിയിൽ ഗണിതശേഷി കൈവരിക്കാൻ രക്ഷിതാക്കൾക്കായി ഗണിത ശില്പശാലകൾ സംഘടിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പഠനോപകാരങ്ങളുടെ നിർമാണം നടത്തുകയും ഇത് കുട്ടികളുടെ പഠന മികവിന് സഹായകം ആകുന്ന തരത്തിൽ മാറ്റുകയും ചെയ്യും.

- ഇംഗ്ലീഷ് ഭാഷയെ പരിപോഷിക്കാൻ സഹായകമായ പഠനോപകാര ശില്പശാലകൾ സംഘടിപ്പിക്കൽ .

- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും

- പഠനോത്സവം സഘടിപ്പിക്കൽ .

- വിദ്യാലയം ഒരു പുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

- വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിലൂടെ കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്താൻ കഴിയും

- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടിവായ വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച സമ്പൂർണ പ്ലാസ്റ്റിക് നിരോധനം,ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ .

- കൃഷി, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ പരിപാലിക്കുന്നതിനായി വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

1. നമ്മുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന രാസലഹരി ഉൽപ്പന്നങ്ങളുടെ ദോഷവശങ്ങൾ മനസിലാക്കി അതിനെതിരെ പ്രവർത്തിക്കാനും അതിൽനിന്ന് ഒഴിഞ്ഞു നിൽക്കാനും കുട്ടികളെ പ്രാപ്തരാക്കുക
2. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനുള്ള താല്പര്യം ജനിപ്പിക്കുക

## സുരക്ഷ പ്രവർത്തനങ്ങൾ

1. ചുറ്റുപാടുകളിൽ നിന്ന് നേരിടേണ്ടി വരുന്ന അപകട സാധ്യതകൾ തിരിച്ചറിയുകയും അവയെ പ്രതിരോധിക്കുന്നതിന് കുട്ടികളെ സജ്ജരാക്കുകയും ചെയ്യുക.
2. ലൈംഗീക ചൂഷണങ്ങൾക്കെതിരെ പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **മേഖല : വായന**<br><br>മികച്ച വായന ശീലം വളർത്തുക | <u>അക്ഷരക്കൂട്ടം</u><br><u>(വായനാകോർണർ)</u><br><br>• ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു .<br><br><u>സ്കൂൾ ലൈബ്രറി</u><br><br>• സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കാൻ<br>• സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കൽ<br><br><u>എന്റെ പിറന്നാൾ പുസ്തകം</u><br><br>• എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ദീർഘം | ക്ലാസ്സ് ടീച്ചർ<br><br>അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | <u>**പുസ്തകം എന്റെ ചങ്ങാതി**</u><br>കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് എഴുതൽ .<br>അസ്സംബ്ലിയിൽ വായിച്ചപുസ്തകങ്ങളെക്കുറിച്ച് പറയൽ<br>കഥാപാത്രങ്ങളെ പരിചയപ്പെടുത്തൽ | ദീർഘം | ക്ലാസ്സ് ടീച്ചർ |
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്ന | <u>**ഉച്ചഭാഷിണി വായന**</u><br>• ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ദീർഘം | അധ്യാപകർ |
| മേഖല : ലേഖനം<br>എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക . | <u>എന്റെ വായനാക്കുറിപ്പുകൾ</u><br>• വായിച്ചപുസ്തകങ്ങളെ ക്കുറിച്ചുള്ള വായനാക്കുറിപ്പുകൾ തയ്യാറാക്കൽ | ദീർഘം | ക്ലാസ്സ് ടീച്ചർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | <u>ക്ലാസ്സ്തല പതിപ്പുകൾ</u><br>വിദ്യാലയവിശേഷങ്ങൾ,ക്ലാസ്സിലെ വിവരങ്ങൾ എന്നിവ പങ്കുവയ്ക്കുന്ന തരത്തിൽ ക്ലാസ്സ്തല പതിപ്പുകൾ തയ്യാറാക്കൽ | എല്ലാമാസവും | ക്ലാസ്സ് ടീച്ചർ |
| കുട്ടികൾക്ക് സർഗ്ഗാത്മക | <u>**കയ്യെഴുത്തു മാസികകൾ ,പത്രവാർത്തകൾ**</u> | | |

| | | | |
|---|---|---|---|
| രചനകൾക്കുള്ള അവസരമൊരുക്കൽ | • കുട്ടികളുടെ രചനകൾ പ്രസിദ്ധികരിക്കൽ<br>• പത്രവാർത്തകൾ എഴുതൽ | ദീർഘം | അധ്യാപകർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | **<u>രചനോത്സവം</u>**<br>• അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതാൻ_ | ദീർഘം | അധ്യാപകർ |
| ആശയഗ്രഹണം<br><br>ആശയവിനിമയ ശേഷി കൈവരിക്കാൻ | **<u>ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ</u>**<br>• പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളക്ക് പ്രത്യേക പരിശീലനം | ഹ്രസ്വം | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| യൂണിറ്റ് ടെസ്റ്റ്<br><br>ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | **<u>യൂണിറ്റ് വിലയിരുത്തൽ</u>**<br><br>• ഓരോ യൂണിറ്റിന്റെ അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ദീർഘം | ക്ലാസ്സ് ടീച്ചർ |
| സി പി ടി എ ശാക്തീകരണം<br><br>ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവന ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | **<u>ഗണിത ക്ലാസ് പി ടി എ</u>**<br><br>• ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ഗണിതക ശേഷികൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ |
| ഗണിത കേളി<br><br>അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | **<u>ഗണിതം മധുരം</u>**<br><br>• ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ |

English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക<br><br>• പഠനോപകരണ നിർമ്മാണം | **<u>Reading card workshop</u>**<br>• രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ റീഡിങ് കാർഡ് നിർമ്മിക്കൽ<br>• പഠനോപകരണ നിർമ്മാണത്തിൽ രക്ഷിതാക്കളെ പങ്കാളിയാക്കൽ | ഹ്രസ്വം | അധ്യാപകർ<br>പി ടി എ |
| ഇംഗ്ലീഷ് ഭാഷാപ്രയോഗം പരിപോഷിപ്പിക്കൽ<br><br>മുഴുവൻ കുട്ടികൾക്കും ഭാഷ പ്രയോഗിക്കുന്നതിൽ പ്രോത്സാഹനവും ആത്മവിശ്വാസവും വളർത്തൽ | **<u>Spoken English</u>**<br><br>ലെറ്റർ സൗണ്ട്, വേർഡ് സൗണ്ട് എന്നിവ പരിചയപ്പെടുത്തിൽ സംഭാഷണങ്ങൾ കേൾപ്പിക്കാൻ അവ പ്രയോഗിക്കാൻ അവസരം നൽകൽ | ദീർഘം | അധ്യാപകർ |

# പരിസര പഠനം

**പ്രവർത്തനം : 1**
**പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല**
**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം : 2**
**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം : 3**
**പേര് : പരീക്ഷണകിറ്റ്**
**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

# സർഗ വേദി

**പ്രവർത്തനം :** 1
**പേര്** : സർഗവേദി
**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG |

**പ്രവർത്തനം :** 2
**പേര്** : **ടാലെന്റ് ലാബുകൾ**
**ഉപമേഖല** :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA |

**പ്രവർത്തനം :** 3
**പേര്** : പ്രകടന വേദികൾ
**ഉപമേഖല** : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT |

ആരോഗ്യ - കായിക -വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ കളികളുടെ പരിശീലനം<br><br>മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | **കായികാരോഗ്യം**<br>സ്കിപ്പിംഗ് , ഫുട്ബോൾ കോച്ചിങ്,ബാഡ്മിന്റൺ,അത്‌ലറ്റിക് പരിശീലനം | ജൂൺ -മാർച്ച് | അധ്യാപകർ |
| ആരോഗ്യം<br><br>എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | **ഹെൽത്ത് ചെക്കപ്പ്**<br>എല്ലാകുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ഹെൽത്ത് ചെക്കപ്പ് | ജൂൺ-സെപ്റ്റംബർ | |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരം | **കായിക വിദ്യാഭ്യാസം**<br>P T പിരീഡിൽ ഫിസിക്കൽ exercise,ഗെയിംസ് എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകൽ | ജൂൺ മാർച്ച് | |

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| രാസലഹരി ഉൽപ്പന്നങ്ങളുടെ ദോഷവശങ്ങൾ മനസിലാക്കി അതിനെതിരെ പ്രവർത്തിക്കാനും അതിൽനിന്ന് ഒഴിഞ്ഞുനിൽക്കാനും കുട്ടികളെ പ്രാപ്തരാക്കുക | ലഹരിക്കെതിരെയുള്ള പോസ്റ്റർ രചന, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | ഇടക്കാല പദ്ധതി | അധ്യാപകർ |

## സുരക്ഷാപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചുറ്റുപാടുകളിൽ നിന്ന് നേരിടേണ്ടി വരുന്ന അപകടസാധ്യതകൾ തിരിച്ചറിയുകയും അവയെ പ്രതിരോധിക്കുന്നതിന് കുട്ടികളെ സജ്ജരാകുക.<br><br>ലൈംഗീക ചൂഷണത്തിനെതിരെ പ്രതികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ചുറ്റുപാടും നിരീക്ഷിച്ച് അപകട സാധ്യതകൾ കണ്ടാൽ ചെയ്യേണ്ട കാര്യങ്ങൾ പരിശീലിപ്പിക്കൽ good touch bad touch എന്നിവ ബോധ്യപ്പെടുത്തുന്ന ക്ലാസുകൾ സംഘടിപ്പിക്കൽ നിയമപാലകരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ | ദീർഘം | അധ്യാപകർ PTA |